"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്(നിഷ്) 2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിൽനിന്ന് ഒന്നാംഗഡു തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.99/2025/SJD തീയതി,തിരുവനന്തപുരം, 16-05-2025

---

പരാമർശം:-

1. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എക്സിക്യൂട്ടിവ് ഡയറക്ടറുടെ 09.04.2025-ലെ 502/2022/നിഷ്/ഫിൻ നമ്പർ കത്ത്
2. 26.04.2025-ലെ സ. ഉ. (സാധാ) നമ്പർ. 81/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.
3. 14.05.2025-ലെ സ. ഉ. (സാധാ) നമ്പർ. 98/2025/എസ്.ജെ.ഡി സർക്കാർ ഉത്തരവ്.

**ഉത്തരവ്**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിന്റെ (നിഷ്) പദ്ധതി പ്രവർത്തനങ്ങൾക്കായി 2025-2026 സാമ്പത്തികവർഷം 2235-02-101-85-പ്ലാൻ ശീർഷകത്തിൽ 16,00,00,000/- രൂപ (പതിനാറ് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് 2025 ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള ശമ്പളം, ഗ്രാറ്റിവിറ്റി, ആവർത്തനച്ചെലവുകൾ, പർച്ചേസുകൾ എന്നീ ചെലവുകൾക്കായി മേൽപ്പറഞ്ഞ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്ന് ആദ്യ ഗഡുവായി 4,25,75,000/- രൂപ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് നിഷ് എക്സിക്യൂട്ടിവ് ഡയറക്ടർ പരാമർശം 1-പ്രകാരം പ്രപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. പരാമർശം 3 പ്രകാരം മേൽ ആവശ്യങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിഷിലെ ജീവനക്കാർക്ക് പത്താം ശമ്പളപരിഷ്കരണം അനുവദിക്കുമ്പോൾ ആവശ്യമായി വരുന്ന അധിക സാമ്പത്തികബാദ്ധ്യതയും പരാമർശം 2 പ്രകാരം ക്ഷാമബത്ത 169% ആയി ഉയർത്തിയത് മൂലമുണ്ടായ അധികബാദ്ധ്യതയും സർക്കാർ വഹിക്കുന്നതല്ലെന്നും അത് നിഷിന്റെ തനതു വരുമാനത്തിൽനിന്ന് സ്വമേധയാ കണ്ടെത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥക്കുവിധേയമായി, നിഷിലെ ജീവനക്കാർക്ക് ഏപ്രിൽ മാസത്തെ ശമ്പളം നല്കുന്നതിലേക്കായി 2235-02-101-85(p) ശീർഷകത്തിൽനിന്ന് 92,00,000/- രൂപ (തൊണ്ണൂറ്റിരണ്ട് ലക്ഷംരൂപ മാത്രം) നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടിവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്, ആക്കുളം, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ,തിരുവനന്തപുരം
സബ് ട്രഷറി ഓഫിസർ, സെക്രട്ടറിയേറ്റ് സബ്-ട്രഷറി, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫിസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ ), കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ് ) വകുപ്പ് (പ്രസ്തുത വകുപ്പിന്റെ 15.05.2025-ലെ ഡബ്ള്യൂ.ഡബ്ള്യൂ.2/97/2023/ധന നമ്പർ കുറിപ്പ് പ്രകാരം)
കരുതൽ ഫയൽ /ഓഫിസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 16-05-2025 15:22:35
സെക്ഷൻ ഓഫീസർ